"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ പുതുനഗരം ഗ്രാമപഞ്ചായത്തിൽ പട്ടികജാതി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ ഭൂരഹിത ഭവന നിർമ്മാണ പദ്ധതിയിലെ ക്രമക്കേട് - കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിലെ മുൻ ബ്ലോക്ക് ഡെവലെപ്മെന്റ് ഓഫീസർ ശ്രീ.കെ.എ.തോമസ് (റിട്ട)-നെതിരെ സ്വീകരിച്ചുവന്ന അച്ചടക്ക നടപടിയിൽ നിന്നും ടിയാനെ ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ആർ.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.833/2026/LSGD    തീയതി,തിരുവനന്തപുരം, 28-03-2026

---

പരാമർശം:-

1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 28-01-2022-ലെ ഇ12(എസ്.സി28/2021/പി.കെ.ഡി) 26657/ 2020 നമ്പർ കത്ത്
2. തസ്വഭ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18-03-2024-ലെ LSGD/PD/7477/ 2023 -VIGD1 നമ്പർ കത്ത്.
3. ശ്രീ.കെ.എ.തോമസ്- നെതിരെയുള്ള 25-09-2024- ലെ ഇ.ആർ.ബി1/40/2022/ത.സ്വ.ഭ.വ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
4. ശ്രീ.കെ.എ.തോമസ് സമർപ്പിച്ച 1-11-2024-ലെ പ്രതിവാദ പത്രിക
5. തസ്വഭവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 11-07-2025-ലെ LSGD/PD/7477/2023-VIGD1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ പുതുനഗരം ഗ്രാമപഞ്ചായത്തിൽ 2012-13 വർഷത്തിൽ പട്ടികജാതി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ ഭൂരഹിത ഭവന നിർമ്മാണ പദ്ധതിയിൽ സ്ഥലം വാങ്ങിയതിലും വീട് വച്ചതിലും അഴിമതിയും ക്രമക്കേടും നടന്നുവെന്ന് പരാതി ലഭിച്ചതിനെ

തുടർന്ന് മിന്നൽ പരിശോധന നടത്തി വിജിലൻസ് & അന്റികറപ്ഷൻ ബ്യൂറോ സമർപ്പിച്ച പരാമർശം (1) പ്രകാരമുള്ള റിപ്പോർട്ടിൽ, 2012-ൽ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ആദ്യം IAY പദ്ധതി പ്രകാരവും, പിന്നീട് ലൈഫ് പദ്ധതി പ്രകാരവും ഭവന നിർമ്മാണത്തിന് ആനുകൂല്യം അനുവദിച്ചിട്ടുള്ള ശ്രീമതി.ശാന്ത-യുടെ ഭവന നിർമ്മാണം വാസയോഗ്യമായ വിധത്തിൽ പൂർത്തിയാകാതെയും, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ റിപ്പോർട്ട് ഇല്ലാതെയും Life Spill Over House 2017-18 (State Share) എന്ന രജിസ്റ്ററിൽ 30/05/2018-ാം തീയതി 'completed' എന്ന് രേഖപ്പെടുത്തി മുഴുവൻ തുകയും, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ക്രമവിരുദ്ധമായി അനുവദിച്ചതായി കണ്ടെത്തിയിട്ടുള്ളതായും, ടി ക്രമക്കേടിന് ഉത്തരവാദിയായ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിലെ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ആയിരുന്ന ശ്രീ.കെ.എ.തോമസിനെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുകയുണ്ടായി.

ടി ശിപാർശയിന്മേൽ പരാമർശം (2) പ്രകാരം തസ്വഭ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 31.05.2022-ന് സർവ്വീസിൽ നിന്നും വിരമിച്ച മുൻ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ശ്രീ.കെ.എ.തോമസിനെതിരെ കെ.എസ്.ആർ പാർട്ട് 3 ചട്ടം 59 (d) പ്രകാരം അച്ചടക്ക നടപടി ആരംഭിച്ചുകൊണ്ട് പരാമർശം (3) പ്രകാരം ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി.

പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിലെ കുറ്റങ്ങൾ നിഷേധിച്ചുകൊണ്ട് പരാമർശം (4) പ്രകാരം ശ്രീ.കെ.എ.തോമസ് സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പരാമർശം (5) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് മുൻ ബി.ഡി.ഒ ശ്രീ. കെ.എ. തോമസ് എന്നവർ, ശ്രീമതി.ശാന്ത എന്ന ഗുണഭോക്താവിന് ഭവന നിർമ്മാണ ആനുകൂല്യം നൽകിയത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശിപാർശ ചെയ്തതിന്റെയും ആയത് ജോയിന്റ് ബ്ലോക്ക് ഡെവലെപ്മെന്റ് ഓഫീസർ അംഗീകരിച്ചതിന്റെയും അടിസ്ഥാനത്തിലാണെന്നും, ടിയാൾക്ക് അവസാന ഗഡു നൽകിയിരുന്നില്ല എന്നും, മുഴുവൻ തുക നൽകാത്തതിനാൽ തന്നെ രജിസ്റ്ററിൽ completed എന്നെഴുതിയതിന് പ്രസക്തിയില്ല എന്നും, എന്നാൽ വി.ഇ.ഒ. മാരുടെ കൃത്യനിർവ്വഹണം സംബന്ധിച്ച് മേൽനോട്ടം വഹിക്കുന്നതിൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ആയിരുന്ന ശ്രീ.കെ.എ. തോമസ്-ന്റെ ഭാഗത്ത് നിന്നും ബോധപൂർവ്വമല്ലാത്ത വീഴ്ച ഉണ്ടായിട്ടുള്ളതായി കാണുന്നുവെന്നും പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ പാലക്കാട്

ജില്ലയിലെ പുതുനഗരം ഗ്രാമപഞ്ചായത്തിൽ 2012-13 വർഷത്തിൽ നടപ്പിലാക്കിയ ഭൂരഹിത ഭവന നിർമ്മാണ പദ്ധതിയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിലെ മുൻ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറായിരുന്ന ശ്രീ.കെ.എ.തോമസ് (റിട്ട)- നെതിരെ കെ.എസ്.ആർ പാർട്ട് III ചട്ടം 59(d) പ്രകാരം സ്വീകരിച്ച അച്ചടക്ക നടപടികളിൽ നിന്ന് ടിയാനെ ഒഴിവാക്കികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റഷീദാ എസ്

ജോയിന്റ് സെക്രട്ടറി

1. ശ്രീ.കെ.എ.തോമസ്, (Retd) ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ,കൊല്ലങ്കോട്(തസ്വഭവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3. ഡയറക്ടർ,വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,തിരുവനന്തപുരം
3. വിജിലൻസ് (ഡി) വകുപ്പ്( 13-02-2026-ലെ U.O (F) No.VIG-D4/47/2022-VIGപ്രകാരം)
4. അക്കൗണ്ടന്റ് ജനറൽ ( എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം
5. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്,തിരുവനന്തപുരം
6. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Rajesh Kumar. C
Date: 28-03-2026 17:15:32

സെക്ഷൻ ഓഫീസർ